# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്,വഴുതക്കാട്,

തിരുവനന്തപുരം

website: www.forest.keralagov.in, Email: fibnews@gmail.com, Ph. 0471- 2529145


## പത്രക്കുറിപ്പ്

തീയതി.01.03.2019

### പുത്തൂർ സുവോളജിക്കൽ പാർക്ക് രണ്ടാംഘട്ടം ഉദ്ഘാടനം ഇന്ന് (മാർച്ച് 2)

തൃശ്ശൂരിലെ പുത്തൂർ സുവോളജിക്കൽ പാർക്കിന്റെ രണ്ടാംഘട്ട നിർമ്മാണോദ്ഘാടനം ഇന്ന് (മാർച്ച് 2) ഉച്ചയ്ക്ക് 12ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. പാർക്ക് കോമ്പൗണ്ടിൽ നടക്കുന്ന ചടങ്ങിൽ വനം വകുപ്പുമന്ത്രി കെ. രാജു അദ്ധ്യക്ഷനാകും. ജലവിഭവ മന്ത്രി കെ. കൃഷ്ണൻകുട്ടി, തദ്ദേശസ്വയംഭരണ മന്ത്രി എ.സി. മൊയ്തീൻ, പൊതു വിദ്യാഭ്യാസ മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ്, കൃഷി മന്ത്രി അഡ്വ. വി.എസ്. സുനിൽകുമാർ എന്നിവർ സന്നിഹിതരാകും. 338 ഏക്കർ വനഭൂമിയിൽ മൂന്ന് ഘട്ടങ്ങളിലായി സജ്ജീകരിക്കുന്ന പാർക്ക് 2020 അവസാനത്തോടെ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. വന്യജീവികളെ പരിപാലിക്കുന്നതിനായി 23 വാസസ്ഥലങ്ങൾ, പാർക്കിംങ് സൗകര്യം, സന്ദർശകർക്കായുള്ള അടിസ്ഥാന സൗകര്യം, സൂ ഹോസ്പിറ്റൽ മുതലായ ആധുനിക സൗകര്യങ്ങൾ ഉൾപ്പെടുത്തി രൂപകല്പന ചെയ്തിട്ടുള്ള പാർക്ക് ഇന്ത്യയിലെ ഇത്തരത്തിലുള്ള ആദ്യത്തെ സുവോളജിക്കൽ പാർക്കായിരിക്കും. പദ്ധതിക്കായി കിഫ്ബിയിൽ നിന്ന് 269.75 കോടി രൂപയും സർക്കാർ വിഹിതമായി 26 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

ചടങ്ങിൽ സി.എൻ. ജയദേവൻ എം.പി, എം.എൽ.എ. മാരായ യു.ആർ. പ്രദീപ്, കെ.വി. അബ്ദുൾ ഖാദർ, മുരളി പെരുനെല്ലി, അനിൽ അക്കര, ഗീതാഗോപി, ഇ.ടി. ടൈസൺ മാസ്റ്റർ, പ്രൊഫ. കെ.യു. അരുണൻ, ബി.ഡി. ദേവസ്സി, അഡ്വ. വി.ആർ. സുനിൽകുമാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ്, മുഖ്യ വനം വകുപ്പുമേധാവി പി.കെ.കേശവൻ, ചീഫ് വൈൽഡ്ലൈഫ് വാർഡൻ സുരേന്ദ്രകുമാർ, മറ്റ് ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾ, വിവിധ രാഷ്ട്രീയ കക്ഷി നേതാക്കൾ, തുടങ്ങിയവർ ആശംസകൾ അർപ്പിക്കും. ചടങ്ങിന് അഡ്വ.കെ.രാജൻ എം.എൽ.എ.സ്വാഗതവും സെൻട്രൽ സർക്കിൾ സി.സി.എഫ്. രാജേഷ് രവീന്ദ്രൻ നന്ദിയും പറയും.


ഡോ. അഞ്ചൽ കൃഷ്ണകുമാർ
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ